നിസാര പരിക്കേറ്റവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

ശ്രീ. മുഹമ്മദ് അബ്ബാസ്, ബി. കെ.
ശ്രീ. ബസിർ പി. ഉമ്മർ
ശ്രീ. നികിൽ കൃഷ്ണ
ശ്രീ. സുനിൽ സുന്ദർ
ശ്രീ. സജി, സി.
ശ്രീ. ദിലിഷ്, കെ.
ശ്രീ. അബ്ദുൾ സലാം, കെ.
ശ്രീ. ജീവൻ, വി. വി.
ശ്രീ. കെ. പി. രാജേഷ്

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകിയിട്ടില്ല.

(സി) പരിഗണനയിലില്ല.

പെരിങ്ങളത്ത് ആദിവാസികൾക്കെതിരെ എടുത്ത കേസ്

66 [1642] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിൽ വടക്കേക്കളത്തിലേയും മറ്റു സ്ഥലങ്ങളിലേയും കുടിയൊഴിപ്പിക്കലിനെതിരെ 2003 ഏപ്രിൽ 21-ന് സമരം ചെയ്ത ആദിവാസികളുടെ പേരിൽ കേസെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ കേസ്സ് പിൻവലിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൽ (നമ്പർ 1708/സി.എം./2004/വി.ഐ.പി. തീയതി 24-3-2004) എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സി.ആർ.പി.സി. 321-ന് വിധേയമായും നിയമോപദേശത്തിന്റെ വെളിച്ചത്തിലും പിൻവലിക്കാൻ യോഗ്യമാണെന്ന് ബോദ്ധ്യപ്പെട്ടാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിവേദനത്തിന്മേൽ കണ്ണൂർ പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ട് വരുത്തുകയും, ആയത് പരിശോധിച്ച് വരികയുമാണ്.

മാറാട് വികസന പാക്കേജ്

67 [1643] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് പാക്കേജിലെ എന്തെല്ലാം പദ്ധതികളാണ് ഇതേവരെ പൂർത്തിയാക്കിയത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പദ്ധതിയുടേയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിക്കും നീക്കിവച്ച തുകയും ഇതേവരെ ചെലവ് ചെയ്ത തുകയും വെളിപ്പെടുത്തുമോ;

(ഡി) മാറാട് പാക്കേജ് തയ്യാറാക്കുമ്പോഴും, പദ്ധതി നടപ്പിലാക്കുമ്പോഴും ഗ്രാമ പഞ്ചായത്തിന്റേയോ ബ്ലോക്ക് പഞ്ചായത്തിന്റേയോ പ്രതിനിധിയേയോ, സ്ഥലം എം.എൽ.എ.-യേയോ ബന്ധപ്പെടുത്താതെ ഉദ്യോഗസ്ഥ തലത്തിൽ നടത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) മാറാട് പാക്കേജിൽ പ്രഖ്യാപിച്ചിട്ടുള്ള ഡി.ആർ.ഡി.എ. ജോലികളിൽപ്പെട്ട എസ്.ജി.ആർ.വൈ. സ്കീം പ്രകാരമുള്ള 5 റോഡുകളിൽ 4 റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

(ബി) പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി അനുബന്ധം I-ൽ കൊടുത്തിട്ടുണ്ട്.†

(സി) ഇതു സംബന്ധിച്ച വിവരം അനുബന്ധം II-ൽ കൊടുത്തിട്ടുണ്ട്.††

(ഡി) ഇത് അടിയന്തിര സാഹചര്യത്തിൽ ഒരു പ്രത്യേക പാക്കേജായി ഗവൺമെന്റ് നടപ്പിലാക്കിയതാണ്. അതിനാലാണ് ഉദ്യോഗസ്ഥ തലത്തിൽ നടപ്പാക്കിയത്.

മാറാട് പുനരധിവാസം

68 [1644] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപവുമായി ബന്ധപ്പെട്ട് എത്ര കുടുംബങ്ങളാണ് ഈ പ്രദേശത്ത് നിന്നും ഒഴിഞ്ഞുപോയത് എന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട് എന്നും എത്ര പേരെ പുനരധിവസിപ്പിക്കാനുണ്ടെന്നും അറിയിക്കുമോ;

(സി) പുനരധിവസിക്കപ്പെട്ടവർ മുഴുവൻ പേരും അവിടെ താമസമുണ്ടോ; ഒഴിഞ്ഞുപോയിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; എത്രപേർ ഇങ്ങിനെ ഒഴിഞ്ഞു പോയി;

(ഡി) പുനരധിവാസ പ്രക്രിയ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ട്;

(ഇ) പുനരധിവസിപ്പിക്കപ്പെട്ടവരുടെയും ഒരു പ്രത്യേക വിഭാഗക്കാരുടെ വീടും സ്ഥലവും വിറ്റുപോകുന്നതിന് പ്രേരിപ്പിക്കുന്ന ഒരു വിഭാഗം ആളുകളുടേയോ ഭൂമി മാഫിയകളുടേയോ പ്രവർത്തനം സംബന്ധിച്ച് വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly